28 (1130) സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ പ്രവർത്തന പുരോഗതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പുതുതായി കൂടുതൽ പഞ്ചായത്തുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പൂർണ്ണമായും ത്രിതല പഞ്ചായത്തുകൾ വഴിയാണോ നടപ്പിലാക്കുന്നത് എന്നത് സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ),(ബി)&(സി) സംസ്ഥാനത്ത് ശുചിത്വ ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിതമായി നടപ്പാക്കാനുദ്ദേശിച്ചുകൊണ്ട് രൂപീകരിച്ച സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷന്റെ പ്രവർത്തനം പ്രാരംഭദിശയിലാണ്. സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വവും ആരോഗ്യവും കൈവരിക്കുന്നതിന് ഘട്ടങ്ങളുള്ള പ്രവർത്തന പരിപാടിയാണ് മിഷൻ വിഭാവനം ചെയ്യുന്നത്. പരീക്ഷണ ഘട്ടമായ ഒന്നാം ഘട്ടത്തിൽ 20-30 ഗ്രാമ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് പ്രസ്തുത പഞ്ചായത്തുകൾക്ക് സമഗ്ര ശുചിത്വ-ആരോഗ്യ പദ്ധതി തയ്യാറാക്കുവാനുള്ള സാങ്കേതിക സഹായം നൽകിക്കൊണ്ട് ആസൂത്രണനിർമ്മാണ മാതൃകകൾ സൃഷ്ടിക്കുന്നതിനും പ്രസ്തുത പ്രവർത്തനം നൽകുന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ രണ്ടാം ഘട്ടത്തിൽ ഈ പ്രവർത്തനം 150-200 പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും മൂന്നാംഘട്ടത്തിൽ സംസ്ഥാന വ്യാപകമായി കാമ്പയിൻ സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ഡി) ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളിൽ കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

29 (1131) ഗ്രാമവികസന പദ്ധതികൾ

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഗ്രാമവികസന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽവന്നശേഷം ഗ്രാമവികസന പദ്ധതികളുടെ നടത്തിപ്പിൽ മാറ്റമെന്തെങ്കിലും വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന സഹായത്തിന്റെ വിശദാംശം നൽകുമോ;

(ഡി) ഈ പദ്ധതികൾക്ക് നടപ്പു സാമ്പത്തികവർഷം എത്ര തുക അധികം ലഭിച്ചിട്ടുണ്ട്;

(ഇ) കഴിഞ്ഞ സാമ്പത്തികവർഷം ഏറ്റെടുത്ത പദ്ധതികൾക്ക് എത്ര തുക ചെലവായിട്ടുണ്ട്;

(എഫ്) ഈ പദ്ധതികൾക്ക് നടപ്പു സാമ്പത്തികവർഷം എത്ര തുക അധികം ലഭിച്ചിട്ടുണ്ട്;

(ജി) ഈ പദ്ധതികളുടെ നടത്തിപ്പിലെ നേട്ടം വിലയിരുത്തുന്നത് ഏത് ഏജൻസിയാണ്; ചെലവുകൾ ആഡിറ്റ് ചെയ്യുന്നത് ഏത് ഏജൻസിയാണ്?

ഉത്തരം

(എ) സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഡി.പി.) ട്രൈസം ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (ഡി.ഡബ്ല്യൂ.സി.ആർ.എ) ജവഹർ റോസ്ഗാർ യോജന, ഇന്ദിരാ ആവാസ് യോജന, തൊഴിലുറപ്പ് പദ്ധതി, കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി എന്നീ ഗ്രാമവികസന പരിപാടികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവന്നിരുന്ന ഗ്രാമവികസന പരിപാടികൾ. ഈ പരിപാടികളിൽ ചിലത് കേന്ദ്ര സർക്കാർ 1-4-1999 മുതൽ സംയോജിപ്പിക്കുകയും പുനർക്രമീകരിക്കുകയും പുനർനാമകരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഈ സാമ്പത്തികവർഷം മുതൽ നടപ്പിലാക്കേണ്ട കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)
2. ജവഹർ ഗ്രാമ സമൃദ്ധി യോജന (ജെ.ജി.എസ്.വൈ.)
3. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)
4. തൊഴിലുറപ്പു പദ്ധതി (ഇ.എ.എസ്.)
5. പുനർഘടന ചെയ്ത കേന്ദ്ര ഗ്രാമീണ ശുചിത്വപരിപാടി (ആർ.സി.ആർ.എസ്.പി.)

(ബി) ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതിനു ശേഷം ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന എല്ലാ കേന്ദ്രാവിഷ്കൃത പരിപാടികളും ത്രിതല പഞ്ചായത്തുകളുടെ വാർഷിക കർമ്മ പരിപാടികളുമായി സംയോജിപ്പിച്ചാണ് നടത്തി വരുന്നത്.

കേന്ദ്രാവിഷ്കൃത ഗ്രാമവികസന പരിപാടികൾക്ക് താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

1. കഴിഞ്ഞ സാമ്പത്തികവർഷം നടപ്പിലാക്കിയിരുന്ന ഐ.ആർ.ഡി.പി., ട്രൈസം, ഗ്രാമീണ വനിതാ ശിശു വികസന പരിപാടി,

ആധുനിക കൈത്തൊഴിലുപകരണ വിതരണ പരിപാടി, ദശലക്ഷം കിണർ പദ്ധതി എന്നിവ സംയോജിപ്പിച്ചുകൊണ്ട് സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന എന്ന ഒരു പുതിയ പദ്ധതി 1.4.99 മുതൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. ജവഹർ റോസ്ഗാർ യോജന 1.4.99 മുതൽ ജവഹർ ഗ്രാമ സമൃദ്ധി യോജന എന്ന പേരിലാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കേണ്ടത്.

3. ഇന്ദിരാ ഭവനനിർമ്മാണ പദ്ധതിയുടെ മൊത്തം വിഹിതത്തിന്റെ 20% തുക വാസയോഗ്യമല്ലാത്ത വീടുകളുടെ പുനർനിർമ്മാണത്തിനായി മാറ്റി വെച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. ആർ.സി.ആർ.എസ്.പി.യിൽ മൊത്തം വിഹിതത്തിന്റെ 50% സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് വേണ്ടി മാറ്റിവെച്ചിരിക്കുകയാണ്. ബാക്കി വിഹിതമായ 50% തുക സംസ്ഥാനത്ത് ഒട്ടാകെയുള്ള ശുചിത്വ പരിപാടികൾക്കായി നീക്കിവച്ചിരിക്കുന്നു.

(സി) 1.4.1999 മുതൽ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം 75:25 എന്ന അനുപാതത്തിൽ നിശ്ചയിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന വിഹിതത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതി	വിഹിതം (ലക്ഷത്തിൽ)	കേന്ദ്ര സർക്കാർ ഇതുവരെ അനുവദിച്ച തുക
1.	എസ്.ജി.എസ്.വൈ	1762.47	811.21
2.	ജെ.ജി.എസ്.വൈ	3157.74	1578.87
3.	ആർ.സി.ആർ.എസ്.പി	298.28	74.57
4.	ഇന്ദിരാ ഭവന നിർമ്മാണ പദ്ധതി	3552.00	.....
5.	തൊഴിലുറപ്പു പദ്ധതി	.....	555.00

(തൊഴിലുറപ്പു പദ്ധതിയുടെ 99-2000-ാമാണ്ടിലെ കേന്ദ്രവിഹിതം എത്രയാണെന്ന് അറിയിച്ചിട്ടില്ല.)

(ഡി) കേന്ദ്രത്തിൽനിന്നും നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുന്ന വിഹിതത്തിന്റെ അന്തിമ തീരുമാനങ്ങൾ കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല. ആയതിനാൽ താരതമ്യം നടത്തുവാൻ കഴിയുന്നില്ല.

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം ഏറ്റെടുത്ത വിവിധ പദ്ധതികൾക്ക് 31.5.99 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു.

	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1.	ഐ.ആർ.ഡി.പി	42.25
2.	ട്രൈസം	4.17
3.	ഐ.എ.വൈ.	198.65
4.	എം.ഡബ്ല്യു.യു.എസ്.	19.16
5.	ജെ.ആർ.വൈ.	169.72
6.	ഇ.എ.എസ്.	392.29

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കേന്ദ്രത്തിൽനിന്നും നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുന്ന വിഹിതത്തിന്റെ അന്തിമ തീരുമാനങ്ങൾ കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല. ആയതിനാൽ താരതമ്യം നടത്തുവാൻ കഴിയുകയില്ല.

(ജി) ഈ പദ്ധതികളുടെ നടത്തിപ്പിലെ നേട്ടം വിലയിരുത്തുന്നത് കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന സ്വതന്ത്ര ഏജൻസികളാണ്. ചെലവുകൾ ഓഡിറ്റു ചെയ്യുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റുമാരും അക്കൗണ്ടന്റ് ജനറലുമാണ്.

30 (1132) ഗ്രാമവികസന ബ്ലോക്കുകൾവഴി ഭവന നിർമ്മാണ പദ്ധതികൾ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ ഗ്രാമവികസന ബ്ലോക്കുകൾ വഴി നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഗ്രാമവികസന വകുപ്പിൽ പ്രത്യേകം ഹൗസിംഗ് ആഫീസർ, ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്നതിനാൽ ഭവന നിർമ്മാണ പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടത്താൻ കഴിയുന്നില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ എല്ലാ ഭവനനിർമ്മാണ പദ്ധതികളും ഗ്രാമവികസന ബ്ലോക്കുകൾ വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഇല്ല.

31 (1133) ദാരിദ്ര്യരേഖാ സർവ്വേ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖാ സർവ്വേ നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ആരാണ് ഇത് നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സർവ്വേയുടെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനുള്ള സെൻസസ് നടത്തിയിട്ടുണ്ട്.

(ബി) ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് തലത്തിലുള്ള കൃഷി, റവന്യൂ, ഫിഷറീസ് പഞ്ചായത്ത്, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ ജീവനക്കാരാണ് ഈ സർവ്വേ നടത്തിയത്.

(സി) ഈ സെൻസസിൽ ഓരോ കുടുംബത്തിന്റെയും സാമ്പത്തിക നിലവാരത്തിനുപുറമെ സാക്ഷരതാ നിലവാരം, തൊഴിൽപരവും വ്യക്തിഗതവുമായ വിവരങ്ങൾ, ഭവന നിലവാരവും ഭൂഉടമസ്ഥാവകാശം സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly